ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

# വിദേശത്തേക്ക് പോകുന്നവർ



## വാക്സിൻ ലഭിക്കുവാനായി ചെയ്യേണ്ട കാര്യങ്ങൾ

പ്രാഥമികമായി www.cowin.gov.in എന്ന ലിങ്കിൽ ആദ്യം വ്യക്തിഗത വിവരങ്ങൾ രജിസ്റ്റർ ചെയ്യുക.

1. ശേഷം മുൻഗണന ലഭിക്കുന്നതിനായി https://covid19.kerala.gov.in/vaccine/ എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യണം.

2. ലിങ്ക് തുറക്കുമ്പോൾ ലഭിക്കുന്ന INDIVIDUAL REQUEST എന്ന ടാബിൽ ക്ലിക്ക് ചെയ്യുക. ശേഷം വരുന്ന Disclaimer എന്ന മെസ്സേജ് ബോക്സ് ക്ലോസ് ചെയ്യുക.

3. നാട്ടിലുള്ള മൊബൈൽ നമ്പർ എന്റർ ചെയ്ത് Get OTP എന്നതിൽ ക്ലിക്ക് ചെയ്യുക. ലഭിക്കുന്ന ആറ് അക്ക OTP, Enter OTP എന്ന ബോക്സിൽ എന്റർ ചെയ്യുക, Verify എന്നതിൽ ക്ലിക്ക് ചെയ്യുക.

4. OTP Verified എന്ന മെസേജ് വന്നാൽ OK ക്ലിക്ക് ചെയ്യുക.

5. രജിസ്ട്രേഷൻ ഫോമിൽ ജില്ല, പേര്, ലിംഗം, ജനന വർഷം, യോഗ്യത വിഭാഗം (ഇവിടെ Going Abroad എന്ന് സെലക്ട് ചെയ്യുക), ഏറ്റവും അടുത്ത വാക്സിനേഷൻ കേന്ദ്രം എന്നിവ പൂരിപ്പിക്കുക

6. Supporting Documents എന്നതിന് താഴെ ആദ്യം പാസ്പോർട്ടിന്റെ ആദ്യത്തെയും അവസാനത്തെയും പേജുകൾ ഒറ്റ പേജായി കോപ്പി എടുത്തു ആ ഫയലും രണ്ടാമത്തേതിൽ പ്രവാസികളുടെ വിസ സംബന്ധമായ വിവരങ്ങളും അപ്‌ലോഡ് ചെയ്യുക. (ഓരോ ഫയലുകളും PDF/JPG എന്നീ ഫോർമാറ്റിൽ 500Kb യിൽ താഴെ ഫയൽ സൈസ് ഉള്ളതായിരിക്കണം.)

7. അവസാനമായി നേരത്തെ കോവിഡ് വാക്സിനേഷനായി രജിസ്റ്റർ ചെയ്യുമ്പോൾ ലഭിച്ച 14 അക്ക COWIN റഫറൻസ് ഐഡി എന്റർ ചെയ്യണം. ഇതിന് ശേഷം Submit ചെയ്യാവുന്നതാണ്.

ഈ അപേക്ഷയും കൂടെ നൽകിയ രേഖകളും ജില്ലാ തലത്തിൽ പരിശോധിച്ച ശേഷം അർഹരായവരെ വാക്സിൻ ലഭ്യതയും മുൻഗണനയും അനുസരിച്ച് വാക്സിനേഷൻ കേന്ദ്രം, തീയതി, സമയം എന്നിവ വ്യക്തമാക്കി എസ്.എം.എസ് വഴി അറിയിക്കുന്നതാണ്. വാക്സിനേഷൻ കേന്ദ്രത്തിൽ എത്തുമ്പോൾ അപ്പോയിന്റ്മെന്റ് എസ്.എം.എസ്, ഐഡി പ്രൂഫ് ആയി പാസ്പോർട്ട് എന്നിവ കാണിക്കേണ്ടതാണ്.

**കൂടുതൽ വിവരങ്ങൾക്ക് ദിശ**
**1056,104, 0471 2552056**

CRUSH THE CURVE
Break the Chain
Back to Basics